# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2589 — 27.01.2014-ൽ മറുപടിക്ക്

### അക്രഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റ്(ആശ)കളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി :<br>,, കെ. എസ്. സലീഖ :<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :<br>,, കെ. ദാസൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) അക്രഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റ് (ആശ)കളുടെ പ്രവർത്തനം സംബന്ധിച്ച് വിശദാംശം നൽകാമോ ; | (എ) കേരളത്തിൽ 'ആശ' പദ്ധതി 2007 മുതൽ നടപ്പിലാക്കി വരുന്നു. സമൂഹത്തെ, പ്രത്യേകിച്ച് ദുർബല ജനവിഭാഗങ്ങൾക്ക് ലഭ്യമായ ആരോഗ്യ സേവനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുകയും അത്തരം സേവനങ്ങൾ നേടിയെടുക്കാൻ ജനങ്ങളെ സഹായിക്കുകയും, അവകാശങ്ങൾ സംരക്ഷിക്കാൻ അവരോടൊപ്പം പ്രവർത്തിക്കുകയും ചെയ്യുകയാണ് ആശാപ്രവർത്തകരുടെ പ്രധാന ഉത്തരവാദിത്വം. കേരളത്തിൽ 28946 ആശാ പ്രവർത്തകർ പ്രവർത്തിച്ചു വരുന്നു.<br>ആശ പ്രവർത്തകരുടെ ചുമതലകൾ താഴെ പറയുന്നവയാണ്.<br>* സാമൂഹികാബോധവൽക്കരണവും ആരോഗ്യാവബോധവും സൃഷ്ടിക്കുക.<br>* ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുക. ഉദാ:-<br>◆ ഗർഭിണികളുടെ രജിസ്ട്രേഷൻ നടത്തുക<br>◆ ഗർഭകാലശുശ്രൂഷയും, ടി-ടി, (IFA) എന്നിവയും ലഭ്യമാക്കുക.<br>◆ ജനനീ സുരക്ഷാ യോജനയുടെ പ്രയോജനം ലഭ്യമാക്കുക.<br>◆ കുട്ടികളുടെ ജനന രജിസ്ട്രേഷൻ, പ്രതിരോധ ചികിത്സ തുടങ്ങിയവയിൽ സഹായിക്കുക. |

(.....2)

* പ്രാദേശിക ആരോഗ്യ പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ വാർഡ് ആരോഗ്യ ശുചിത്വ കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുക.
* പകർച്ചവ്യാധി നിയന്ത്രണം, കൊതുക നിവാരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുക.
* നവജാത ശിശുക്കൾ, ഗർഭിണികൾ എന്നിവരെ സംബന്ധിച്ച വിവരങ്ങൾ പ്രാദേശിക ആരോഗ്യ പ്രവർത്തകരെ അറിയിക്കുക.
* നിരോധ്, ഗർഭനിരോധന ഗുളികകൾ, ഒ.ആർ.എസ്, ക്ഷയരോഗ മരുന്ന് എന്നിവയുടെ പ്രാദേശിക വിതരണക്കാരായി പ്രവർത്തിക്കുക.

| | |
|---|---|
| (ബി) ജോലി ഭാരം കണക്കിലെടുത്ത് ന്യായമായ മിനിമം വേതനം നൽകണമെന്ന 'ആശ' വർക്കർമാരുടെ ആവശ്യത്തോട് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ; | (ബി) 'ആശ' പദ്ധതി കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ്. ഇതിനു വേണ്ട എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും കേന്ദ്ര സർക്കാരാണ് നൽകുന്നത്. അത് അനുസരിച്ച് ആശമാർക്ക് പല പദ്ധതികളിൽ നിന്ന് ലഭിക്കുന്ന ഇൻസന്റീവുകളാണ് നൽകുന്നത്. |
| (സി) ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുച്ഛമായ ഓണറേറിയം പോലും യഥാസമയം നൽകാൻ കഴിയാതിരുന്നതിന്റെ കാരണം അറിയിക്കുമോ ; | (സി) ഈ വർഷത്തെ ഓണറേറിയം നൽകുന്നതിനുള്ള ഭരണാനുമതി കിട്ടിയിട്ടുണ്ട്. ഉടനെ വിതരണം ചെയ്യുന്നതാണ്. |
| (ഡി) ഓണറേറിയം വർദ്ധിപ്പിക്കാനും അത് യഥാസമയം നൽകാനും നടപടി സ്വീകരിക്കുമോ ? | (ഡി) ഓണറേറിയം എല്ലാ വർഷവും വർദ്ധിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ